# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1392/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/09/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/1392/2023 തീയ്യതി: 21/09/2023

## കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-02-2023 മുതൽ 15-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എ.ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 23-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 23-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ

ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. രാജിമ. എ.സി സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഗോകുൽ. ഡി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ലത.കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.പ്രസാദ്. വി.വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. മുരുകേശൻ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 14-09-2022 |
| ശ്രീ. അനന്തുകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-09-2022 | 20-10-2022 |
| ശ്രീ. പി.വി.ആനന്ദൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 21-10-2022 | 31-03-2023 |
| ശ്രീ.സുരേഷ്. എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. സൽമത്ത് | മെഡിക്കൽ ഓഫീസർ, എഫ്എച്ച്.സി | 01-04-2022 | 06-05-2022 |
| ഡോ. വട്ടപറമ്പിൽ ദിവ്യ ദാമോദരൻ | മെഡിക്കൽ ഓഫീസർ, എഫ്എച്ച്.സി | 07-05-2022 | 31-03-2023 |
| ഡോ. അഞ്ജു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. അമ്പിളി. സി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. നീനു.സി.കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി. സൂര്യ. ഇ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ജയൻ .വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രശാന്ത് | ഹെഡ് മാസ്റ്റർ | 01-04-2022 | 30-06-2022 |
| ശ്രീമതി. ശ്രീകല. കെ.വി | ഹെഡ് മിസ്ട്രസ് | 01-07-2022 | 31-03-2023 |
| ശ്രീ. ഷുഹൈബ് തൊട്ടിയൽ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. രമ്യ.വി.കെ | വി.ഇ.ഒ, പുത്തൂർ സർക്കിൾ | 01-04-2022 | 25-04-2022 |
| ശ്രീമതി.മെറിൻ ജോസ്ന ഗോൺസാൽവസ് | വി.ഇ.ഒ, പുത്തൂർ സർക്കിൾ | 26-04-2022 | 14-09-2022 |

| | | | |
|---|---|---|---|
| ശ്രീ. സാരംഗ്. പി.കെ | വി.ഇ.ഒ, പുത്തൂർ സർക്കിൾ | 15-09-2022 | 06-11-2022 |
| ശ്രീമതി. സോഫിയ. വി.പി | വി.ഇ.ഒ, പുത്തൂർ സർക്കിൾ | 07-11-2022 | 31-03-2023 |
| ശ്രീമതി.മെറിൻ ജോസ്ന ഗോൺസാൽവസ് | വി.ഇ.ഒ, കൊളവല്ലൂർ സർക്കിൾ | 01-04-2022 | 26-10-2022 |
| ശ്രീ. രാജേഷ്..കെ | വി.ഇ.ഒ, കൊളവല്ലൂർ സർക്കിൾ | 27-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. | 1-1-3 |
| 5 | ബി-3 റിസർവ്സ് -കാപ്പിറ്റൽ കോൺട്രിബ്യൂഷൻ -കാപ്പിറ്റൽ എക്സ്പെൻഡീച്ചർ ഉൾപ്പെടുത്താത്തത് | 1-1-4 |
| 6 | MGNREGS - ബി-4 ,ബി-17,ആർ.പി-40(ബി) ഷെഡ്യൂളുകളിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-6 |
| 8 | പഞ്ചായത്ത് ദുരിതാശ്വാസനിധിയിലെ ചെലവ് തുക 65000 രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-7 |
| 9 | ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് മുൻ വർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ്(250000 രൂപ) തൻവർഷവും കാണിച്ചിട്ടുള്ളത് | 1-1-8 |
| 10 | ബി-9 ഷെഡ്യൂൾ പ്രകാരമുള്ള NPS നീക്കിയിരിപ്പ് വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | ഗ്രാമസഭ | 1-10 |
| 20 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം | 1-11 |
| 21 | ദുരിതാശ്വാസ നിധി-അവലോകനം | 1-12 |
| 22 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- സഞ്ചയ സോഫ്റ്റ് വെയറിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് | 1-13 |

| | | |
|---|---|---|
| | കണക്കാക്കുന്നില്ല | |
| 23 | വ്യാപാര സ്ഥാപനത്തിന്റെ കെട്ടിട ഉപയോഗക്രമത്തിൽ വ്യത്യാസം - നടപടി സ്വീകരിക്കേണ്ടതാണ്. | 1-14 |
| 24 | ഇ-ടെണ്ടർ ഫീസ് - തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 25 | അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച. | 1-16 |
| 26 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല-₹49,198 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 27 | സ്വയം തൊഴിൽ സംരംഭം വനിതഗ്രൂപ്പുകൾക്ക്-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -₹1002858യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 28 | സ്വയം സുരക്ഷ പരിശീലനം കുട്ടികൾക്ക് - മാർഗ്ഗരേഖക്ക് വിരുദ്ധം - ചെലവ് തുകയായ 50000 രൂപ തടസ്സപ്പെടുത്തുന്നു. | 1-19 |
| 29 | സ്മാർട്ട് ഐ-ഫേസ് 1-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 30 | കൊളവട്ടം കുളം നവീകരണം-അപാകങ്ങൾ- ₹1835109 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 31 | തുല്യത പഠനം-രേഖകൾ ഹാജരാക്കേണ്ടതാണ് | 1-22 |
| 32 | ആശ്രയ ഭവന പുനരുദ്ദാരണം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-23 |
| 33 | സർവീസ്/ ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റി - ₹36,600 തിരികെ ഈടാക്കേണ്ടതാണ് | 1-24 |
| 34 | ജി.എസ്.ടി, ടിഡിഎസ് ഈടാക്കിയില്ല | 1-25 |
| 35 | കാർഷിക പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തപ്പെടുന്നില്ല | 1-26 |
| 36 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-27 |
| 37 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് | 1-28 |
| 38 | കുന്നോത്ത്പറമ്പ് എഫ്.എച്ച്.സി- ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-29 |
| 39 | തനത് വരുമാനം-അവലോകനം | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2023 ലെ 174/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 30.6.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
21.09.2023

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1.ബി1- പഞ്ചായത്ത് ഫണ്ട് -ജനറൽ ഫണ്ട് തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി 1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2.അക്കൗണ്ടിംഗ് ചട്ട പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും

പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

2011ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല.

### 1-1-4 ബി-3 റിസർവ്സ് -കാപ്പിറ്റൽ കോൺട്രിബ്യൂഷൻ -കാപ്പിറ്റൽ എക്സ്പെൻഡീച്ചർ ഉൾപ്പെടുത്താത്തത്

ബി-3 റിസർവ്സ് കാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുൻവർഷത്തെതുകയായ 65704645 രൂപയാണ് ഈ വർഷവും കാണിച്ചിരിക്കുന്നത് തൻവർഷം വിവിധ ഗ്രാന്റുകളിൽ - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, കോർപ്പറേഷൻ ഗ്രാന്റ് എന്നിവയിൽ കാപ്പിറ്റൽ എക്സ്പെൻഡീച്ചർ ആയ തുകകൾ ഈ ശീർഷകത്തിൽ വന്നിട്ടില്ല.

### 1-1-5 MGNREGS - ബി-4 ,ബി-17,ആർ.പി-40(ബി) ഷെഡ്യൂളുകളിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

MGNREGS ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് ₹937033 യും ബി-17, ആർ.പി-40(ബി) എന്നീ ഷെഡ്യൂളുകൾ പ്രകാരമുള്ള ബാലൻസ് ₹937701 യും ആണ്.

### 1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11 Schedule പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-7 പഞ്ചായത്ത് ദുരിതാശ്വാസനിധിയിലെ ചെലവ് തുക 65000 രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

പഞ്ചായത്ത് ദുരിതാശ്വാസനിധിയിലെ ചെലവ് തുക 65000 രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-8 ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് മുൻ വർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ്(250000 രൂപ) തൻവർഷവും കാണിച്ചിട്ടുള്ളത്

ബി-11(b) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ്(250000 രൂപ) തൻവർഷവും കാണിച്ചിട്ടുള്ളത്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല

### 1-1-9 ബി-9 ഷെഡ്യൂൾ പ്രകാരമുള്ള NPS നീക്കിയിരിപ്പ് വിശദാംശം ലഭ്യമാക്കിയിട്ടില്ല

ബി-9 ഷെഡ്യൂൾ പ്രകാരമുള്ള 350200204 -Recoveries Payable -National Pension Schemeഎന്ന ഹെഡിലെ -തുക 2023 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. ഷെഡ്യൂളിലെ തുക -₹40984, വൗച്ചർ പ്രകാരമുള്ള തുക -₹22769. ഈ ഹെഡിൽ നീക്കിയിപ്പായി രേഖപ്പെടുത്തിയ 18215 രൂപയുടെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

### 1-2 ബജറ്റ്

കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 26-3-2022 തീയതിയിലെ 108/2022നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 04-03-2023 ലെ 70/23(2) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 17203811 | 36466558 |
| വരവ് | 272588700 | 272374087 |
| ആകെ | 289792511 | 308840645 |

| | | |
|---|---|---|
| ചെലവ് | 287441300 | 294083300 |
| നീക്കിയിരിപ്പ് | 2351211 | 14757345 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20376309 |
| വരവ് | 53473545 |
| ആകെ | 73849854 |
| ചെലവ് | 40996757 |
| നീക്കിയിരിപ്പ് | 32853097 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 3114165 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | | 0 | 24824000 | 24824000 | 24120434 | 703566 |
| വികസന ഫണ്ട് – എസ്.സി.പി | | 0 | 874000 | 874000 | 874000 | -- |
| വികസന ഫണ്ട് - ടി.എസ്. പി | | 0 | 105000 | 105000 | 98223 | 6777 |
| മെയിന്റനൻസ് ഫണ്ട് – റോഡ് | | 0 | 12925000 | 12925000 | 7008257 | 5916743 |
| മെയിന്റനൻസ് ഫണ്ട് – റോഡിതരം | | 0 | 7664000 | 7664000 | 5738720 | 1925280 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ടൈഡ് | 3306779 | 9625808 | 12932587 | 2479041 | 10453546 |
| | ബേസിക്ക് | 83429 | 4634888 | 4718317 | 1818468 | 2899849 |
| ഹെൽത്ത് ഗ്രാന്റ് | Dignostic Infra Stucture | 0 | 268877 | 268877 | 175483 | 93394 |
| | Health Wellness Progrmme | 0 | 137329 | 137329 | 112237 | 25092 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | | 33993 | 50525982 | 50559975 | 49622942 | 937033 |
| ഐ.സി.ഡി.എസ് - കേന്ദ്രവിഹിതം | | 925653 | 2423314 | 3348967 | 656792 | 2692175 |
| എം പി ഫണ്ട് | | 63654 | 1866 | 65520 | - | 65520 |
| 'ടി എസ് സി | | 5240 | - | 5240 | - | 5240 |
| സാക്ഷരത | | 8437 | 248 | 8685 | - | 8685 |
| ലൈഫ് മിഷൻ | | 0 | 2120000 | 2120000 | 800000 | 1320000 |

| | | | | | |
|---|---|---|---|---|---|
| ആശ്രയ | 676037 | - | 676037 | 676037 | 0 |
| വിമുക്തി, | 15700 | 0 | 15700 | 15700 | 0 |
| ജലനിധി | 3786066 | 110995 | 3897061 | 0 | 3897061 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 174 | 103946591 | 135 | 61751248 | 22 | 39 | 113 | 64.94 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 2746400 | 2535176 | 92.31 |
| വെറ്റിനറി സർജ്ജൻ | 4 | 4 | 4899840 | 3674840 | 75 |
| മെഡിക്കൽഓഫീസർ, എഫ്.എച്ച്.സി | 13 | 11 | 6690406 | 6399931 | 95.66 |
| മെഡിക്കൽ ഓഫീസർ , ഹോമിയോ | 2 | 2 | 137514 | 137514 | 100 |
| മെഡിക്കൽ ഓഫീസർ, , ആയുർവേദം | 3 | 3 | 620000 | 615662 | 99.30 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 200000 | 199960 | 99.98 |
| വി.ഇ.ഒ, പുത്തൂർ സർക്കിൾ | 8 | 8 | 5115572 | 4179771 | 81.71 |
| വി.ഇ.ഒ, കൊളവല്ലൂർ സർക്കിൾ | 6 | 6 | 12706005 | 8638684 | 67.99 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 11 | 8987959 | 6806312 | 75.73 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1545000 | 1245000 | 80.58 |
| സെക്രട്ടറി | 33 | 26 | 8055475 | 6060438 | 75,23 |
| ഹെഡ് മാസ്റ്റർ | 4 | 4 | 2318000 | 2085550 | 89.97 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 42 | 48482194 | 18543136 | 38.25 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 4 | 1442226 | 629274 | 43.63 |
| ആകെ | 174 | 135 | 103946591 | 61751248 | 59.41 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 33993 | 1429217 | 1463210 | 526177 | 937033 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 49096765 | 49096765 | 49096765 | 0 |
| | 33993 | 50525982 | 50559975 | 49622942 | 937033 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 8525000 | 471 |
| വിധവാപെൻഷൻ | 32305000 | 1871 |
| വാർദ്ധക്യകാലപെൻഷൻ | 47072700 | 3238 |
| വികലാംഗപെൻഷൻ | 8770900 | 522 |
| അവിവാഹിത പെൻഷൻ | 4299100 | 245 |
| വിവാഹ ധനസഹായം | 390000 | 13 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-08-2023 തീയതിയിൽ 3.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14177 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലും 2022-23 വർഷം ഗ്രാമസഭകൾ 3 തവണ വീതം യോഗം ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, 2021-22 പദ്ധതി അവലോകനം, ലൈഫ് പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, എം.ജി.എൻ.ആർ.ഇ.ജി.എസ് ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ അംഗീകരിക്കൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭാ യോഗങ്ങളിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിററ് റിപ്പോർട്ട് സമർപ്പിക്കുകയും വിശദമായി ചർച്ചചെയ്യുകയും ചെയ്തിട്ടുണ്ട്.

## 1-11 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ 2022-23 വർഷം വർക്കിംഗ് ഗ്രൂപ്പുകൾ മൂന്ന് തവണയാണ് യോഗം ചേർന്നതായി കാണുന്നത്. ചേർന്ന യോഗങ്ങളുടെ മിനുട്സ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് മോണിറ്ററിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിലൊന്നും മോണിറ്ററിങ്ങ് നടത്തിയതായുള്ള പരാമർശമില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ദുരിതാശ്വാസ നിധി-അവലോകനം

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ് , കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്. കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം രൂപീകരിക്കപ്പെട്ട ദുരിതാശ്വാസ നിധി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഓഡിറ്റ് വർഷം ദുരിതാശ്വാസ നിധിയിൽ ₹66,238 വരവുണ്ട്. ₹84,395 ദുരിതമനുഭവിക്കുന്നവർക്ക് സഹായത്തിനായി ചെലവഴിച്ചിട്ടുമുണ്ട്. തൻ വർഷാവസാനം ഈയിനത്തിലെ നീക്കിയിരിപ്പ് ₹19,395 ആണ്.

## 1-13 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- സഞ്ചയ സോഫ്റ്റ് വെയറിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് കണക്കാക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ്(2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപ നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണയത്തിൽ പരിഗണിക്കേണ്ടതുമാണ്.

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറിൽ നിന്നുള്ള റിപ്പോർട്ടുകളും പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിലെ ചിറക്കര വാർഡിൽ (വാർഡ് നം.9) യൂസഫ് ചാലുപറമ്പത്ത് എന്നിവരുടെ ഉടമസ്ഥതയിലുള്ള 380.78 ച.മീ തറ വിസ്തീർണമുള്ള ഇരുനില വാണിജ്യ കെട്ടിടത്തിലെ (പെർമിറ്റ് നം.A4-BA(88461/2019 തീയ്യതി: 6-05-2019) കടമുറികളുടെ നികുതി നിർണ്ണയം ചുവടെ കാണിച്ചിരിക്കുന്നതിന് പ്രകാരമാണ് സഞ്ചയയിൽ നടത്തിയിരിക്കുന്നത്.

| ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന വിവരങ്ങൾ | |
|---|---|
| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | പ്രഥമം |
| കെട്ടിടം സ്ഥിതി ചെയ്യുന്ന / കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് | ചിറക്കര ഉവ്വക്കുന്ന് റോഡ് |

| | |
|---|---|
| റോഡിന്റെ തരം | 5 മീറ്ററോ അതിൽ കൂടുതൽ |
| കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം | കോൺക്രീറ്റ് മേൽക്കൂര |
| തറ നിർമിതിയുടെ വിവരം | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ,ഗ്രാനൈറ്റ്,മറ്റ് വിലയേറിയ വസ്തുക്കൾ |
| കെട്ടിടത്തിന്റെ കാലപ്പഴക്കം | 0 |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് | ₹70 |

| കട മുറിയുടെ നമ്പർ | നില | തറ വിസ്തീർണം | അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവ് | അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവ് | സഞ്ചയ പ്രകാരം നിർണ്ണയിച്ച ആകെ നികുതി(വസ്തു നികുതി+ലൈബ്രറി സെസ്സ് ) |
|---|---|---|---|---|---|
| 9/523A | ഗ്രൗണ്ട് ഫ്ലോർ | 10.87 | 20% | ഇല്ല | 914+46 |
| 9/523B | ഗ്രൗണ്ട് ഫ്ലോർ | 161.42 | 20% | ഇല്ല | 13560+678 |
| 9/523C | ഫസ്റ്റ് ഫ്ലോർ | 10.87 | 20% | ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (ഒന്നാമത്തെ നില 5%) | 869+44 |
| 9/523D | ഫസ്റ്റ് ഫ്ലോർ | 197.62 | 20% | ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് (ഒന്നാമത്തെ നില 5%) | 15771+789 |

കെട്ടിട ഉടമ സമർപ്പിച്ച ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവ് 35% ആയിരിക്കേണ്ടതാണ്. പക്ഷെ സഞ്ചയയിലെ വസ്തു നികുതി അസസ്സ്മെന്റിൽ പ്രസ്തുത ഇനത്തിൽ 20% വർദ്ധനവ് മാത്രമേ വരുത്തിയിട്ടുള്ളു, തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ്(കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപ നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) നികുതി നിർണ്ണയത്തിന് പരിഗണിച്ചതായി കാണുന്നില്ല. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/19-08-2023) കെട്ടിടത്തിനെ സംബന്ധിച്ച ഫോം 6 വിവരങ്ങൾ എല്ലാം തന്നെ സഞ്ചയയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ആയത് പ്രകാരം സോഫ്റ്റ്‌വെയർ തന്നെയാണ് ഓട്ടോമാറ്റിക് ആയി നികുതി നിർണ്ണയം നടത്തുന്നത് എന്നുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

പ്രസ്തുത വസ്തു നികുതി നിർണ്ണയത്തിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 15 % വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ല എന്നുള്ള വിവരം സോഫ്റ്റ് വെയർ സേവന ദാതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും പഞ്ചായത്തിന് ലഭിക്കേണ്ടുന്ന പ്രസ്തുത വർദ്ധനവ് ലഭ്യമാക്കുവാനുള്ള സത്വര നടപടികൾ കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 വ്യാപാര സ്ഥാപനത്തിന്റെ കെട്ടിട ഉപയോഗക്രമത്തിൽ വ്യത്യാസം - നടപടി സ്വീകരിക്കേണ്ടതാണ്.

കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത ചുവടെ പറയുന്ന വ്യാപാര സ്ഥാപനത്തിന്റെ കെട്ടിട ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ വ്യത്യസ്ഥമായാണ് രേഖപ്പെടുത്തിയിരിക്കുന്നത് (വാണിജ്യാവശ്യത്തിനുള്ളവ എന്നതിന് പകരം പാർപ്പിടാവശ്യത്തിനുള്ളവ എന്നാണ്

രേഖപ്പെടുത്തിയിരിക്കുന്നത്).

| കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിൽ സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര് | സ്ഥാപന ത്തിന്റെ പേര്/ | ലൈസൻസ് നമ്പർ, തീയതി | കെട്ടിട ത്തിന്റെ വിസ്തീർ ണ്ണം (സഞ്ചയ പ്രകാരം) | കെട്ടിട ത്തിന്റെ ഉപയോ ഗക്രമം (സഞ്ചയ പ്രകാരം) |
|---|---|---|---|---|---|---|
| X/332 | റോബിൻ.എ. വി ആലവാതുക്കൽ തുവ്വക്കുന്ന് പാറാട് | ബാലൻ.എ.പി ആല്ലള്ളപറമ്പത്ത് തുവ്വക്കുന്ന് | എ.പി ഇൻഡസ്ട്രീസ് ,പാറാട് (ഗേറ്റ്&ഗ്രിൽ നിർമ്മാണം) | 184/2022-23 /A-5/2424 /RPTL20, 1-04-2022 | 138.68 ച മീ | പാർപ്പി ടാവശ്യം (അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) @₹3) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/21-08-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞിരിക്കുന്ന വ്യാപാര സ്ഥാപനത്തിന്റെ കെട്ടിട ഉപയോഗ ക്രമം ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതുന്നതും, നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിട ഭാഗത്തിന് പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ ഉപയോഗ ക്രമം സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും വസ്തു നികുതി ഇനത്തിൽ ഇപ്രകാരം സംഭവിക്കാവുന്ന ചോർച്ച പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 ഇ-ടെണ്ടർ ഫീസ് - തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട 2018-19 വർഷം മുതലുള്ള ഇ-ടെണ്ടർ ഫീസ് തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ലെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (9/07-08-2023) മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരം 2020-2021 വരെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ 162367 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2017-18 | 33400 |
| 2 | 2019-20 | 47101 |
| 3 | 2020-21 | 81866 |
| | ആകെ | 162367 |

2021-22 വർഷം മുതൽ ഇ-ടെണ്ടർ ഫീസ് സ്വീകരിക്കുന്നതിനായി അക്കൗണ്ട് ആരംഭിക്കുകയും ഇ-ടെണ്ടർ സൈറ്റുമായി മേപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക ലഭിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (9/19-08-2023) സെക്രട്ടറി

മറുപടി നല്കിയിട്ടുണ്ട്. ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച.

ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയറിലെ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ എന്നിവ പ്രകാരം കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിൽ ആകെ 2 അനധികൃത നിർമ്മാണങ്ങളാണുള്ളത് (കെട്ടിട നമ്പർ - 10/157U, പാർപ്പിടാവശ്യം, പൂവുള്ളതിൽ യൂസഫ്, കെട്ടിട നമ്പർ-5/524UA ,പാർപ്പിടാവശ്യം, റനിൽ.കെ കെ കണ്ടേൻകോടന്റവിട). 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9ബി ഫാറത്തിൽ വിവരങ്ങൾ നൽകിയവരുടെ എണ്ണം 560 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർ നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഗ്രാമപഞ്ചായത്തിൽ നിന്നും ഒക്യുപെൻസി ലഭിച്ചതിന് ശേഷം കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണം കണ്ടെത്തുന്നതിന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ പ്രകാരം യു,എ നമ്പർ നല്കി വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാവൂ എന്നതിനാൽ പരിശോധന ചുമതലയിലുള്ള ജീവനക്കാർ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്നതിനിടയാകുന്നുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/19-08-2023) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികതിയും സേവനഉപനികുതിയും സാർ ചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 17,24 പ്രകാരം കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷമുള്ള ഘടനാപരമായി വരുത്തുന്ന മാറ്റങ്ങൾ, ഉപയോഗക്രമത്തിലുള്ള മാറ്റങ്ങൾ, കൂട്ടിച്ചേർക്കലുകൾ എന്നിവ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് പ്രസ്തുതവിവരം അറിയിക്കുന്നതിന് സൗകര്യം നൽകിയതിന്റെ അടിസ്ഥാനത്തിൽ 9 ബി ഫാറത്തിൽ വിവരങ്ങൾ നൽകിയവരുടെ എണ്ണം 560 ആണെന്നും ആയതിൽ നിലവിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയ 102 കെട്ടിടങ്ങൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നിർമ്മാണങ്ങൾ ആയതിനാൽ നികുതി പരിഷ്ക്കരിച്ച നൽകിയിട്ടുണ്ടെന്നും,സ.ഉ(കൈ) നം.77/2023/Lsgd തീയതി:22-03-2023 പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണത്തിൽ അനധികൃത കെട്ടിടങ്ങൾ കണ്ടെത്താനും നികുതി ചുമത്താനുള്ള നടപടി സ്വീകരിക്കുന്നതിനുമായി 7 പേരെ നിയമിച്ചിട്ടുണ്ടെന്നും, പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്താനുള്ള മൊബൈൽ ആപ്പ് ലഭിക്കുന്ന മുറക്ക് ഫീൽഡ് തല പരിശോധന നടത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01-04-2023 തീയതി പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് സ.ഉ.(കൈ)നമ്പർ 77/2023/തസ്വഭവ തീയതി:22-03-2023 പ്രകാരമുള്ള തുടർ നടപടികളുടെ ഭാഗമായി നടത്തുന്ന ഫീൽഡ് പരിശോധനയിൽ 9 ബി ഫാറത്തിൽ ലഭിച്ച 560 അപേക്ഷകൾ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളും പരിശോധനാവിധേയമാക്കി നികുതി പുനർ നിർണ്ണയിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല- ₹49,198 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ടിന്റെ പേര്/നമ്പർ | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (13/23) |
| അടങ്കൽ | ₹1,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹1,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| പ്രൊഫോർമ ഇൻ വോയിസ് നമ്പർ/തീയതി | PF-417/24-09-2022 |
| ബിൽ നം/തീയതി | 69/15-10-2022 (എ സി ആർ പ്രകാരം) |

മേൽ പദ്ധതി പ്രകാരം കുന്നോത്ത് പറമ്പ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങുന്നതിനായി ആകെ₹1,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO) മാനേജിങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയതിന്റെ അടിസ്ഥാനത്തിൽ ₹50,802 മരുന്നുകൾ (Tax Invoice No.LF-437 Dt:4-07-2023) ലഭിക്കുകയും ആയത് സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട് ബാക്കി ₹49,198 യുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.1/17-08-2023) പ്രസ്തുത മരുന്നുകൾ ലഭ്യമാക്കുവാൻ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡുമായി നിരവധി തവണ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടതായും ആയത് ഒരു മാസത്തിനുള്ളിൽ തന്നെ എത്തിച്ചു തരുന്നതായി ഉറപ്പ് ലഭിച്ചതായും മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ പൂർണമായും ലഭ്യമാകാത്തതിനാൽ ലഭ്യമാകാത്ത മരുന്നിനായി ഒടുക്കിയ ₹49,198 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നുകളും ലഭ്യമാകുന്ന മുറക്ക് ഇൻവോയിസും സ്റ്റോക്ക് രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 സ്വയം തൊഴിൽ സംരംഭം വനിതഗ്രൂപ്പുകൾക്ക്-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ -₹1002858യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കൊളവല്ലൂർ സർക്കിൾ |
| പ്രോജക്ട് നമ്പർ, പേര് | 140/23,സ്വയം തൊഴിൽ സംരംഭം വനിത ഗ്രൂപ്പുകൾക്ക് |
| അടങ്കൽ | ₹1100000 ( വികസന ഫണ്ട് -ജനറൽ )<br>₹ 500000 (മറ്റുള്ളവ)<br>ആകെ 1600000 |
| ചെലവ് | ₹1002858 ( വികസന ഫണ്ട് -ജനറൽ ) |
| ബിൽ നമ്പർ,തീയതി,തുക | 19/31-3-23 ₹ 252858<br>18/31-3-23 ₹ 375000<br>13/31-3-23 ₹ 375000 |

വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലെ മൂന്ന് വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് മേൽ കാണിച്ച ബില്ലുകൾ പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. സുകൃതം കാറ്ററിങ് യൂണിറ്റ്, ക്യൂൻലി ബ്യൂട്ടി പാർലർ, റോസ് ഗാർഡൻ എന്നീ യൂണിറ്റുകൾക്കാണ് പദ്ധതിയിൽ ധനസഹായം നൽകിയിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) ക്യൂൻലി ബ്യൂട്ടി പാർലർ, റോസ് ഗാർഡൻ നഴ്സറി എന്നിവ സംരംഭം ആരംഭിക്കുന്നതിന് വേണ്ടി സാധനങ്ങൾ വാങ്ങിച്ചതിന്റെ കാഷ് ബിൽ, സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല.

2) മൂന്ന് ഗ്രൂപ്പുകൾക്കും ലോൺ അനുവദിച്ചിട്ടുണ്ടെന്ന കേരള ബാങ്ക് മാനേജരുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിച്ചത്. എന്നാൽ ബന്ധപ്പെട്ട ഗ്രൂപ്പിന്റെ ലോൺ അക്കൗണ്ട് പാസ്ബുക്ക്, സബ്സിഡി ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി (നമ്പർ 29/22-8-23 ) നൽകിയതിനെ തുടർന്ന ലഭ്യമാക്കിയ മറുപടിയിൽ ഗ്രൂപ്പുകളുടെ ലോൺ അക്കൗണ്ടിന്റെ പാസ്ബുക്ക് ഹാജരാക്കുകയുണ്ടായി. എന്നാൽ റോസ് ഗാർഡൻ ഗ്രൂപ്പിന്റെ പാസ്ബുക്കിൽ മാത്രമേ സബ്സിഡി ലോൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതായി കാണിച്ചിട്ടുള്ളൂ. മറ്റ് ഗ്രൂപ്പുകളുടെ സബ്സിഡി ലോൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) ഗ്രൂപ്പുകളുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച രേഖകളും സ്വയംതൊഴിൽ സംരംഭ ഗ്രൂപ്പിന്റെ പ്രവർത്തനം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഈ പ്രോജക്ട് പ്രകാരമുള്ള ₹1002858 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 സ്വയം സുരക്ഷ പരിശീലനം കുട്ടികൾക്ക് - മാർഗ്ഗരേഖക്ക് വിരുദ്ധം - ചെലവ് തുകയായ 50000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, പുത്തൂർ |
| പ്രോജക്ട് നമ്പർ, പേര് | 110/23, സ്വയം സുരക്ഷ പരിശീലനം കുട്ടികൾക്ക് |
| അടങ്കൽ | ₹50000 വികസന ഫണ്ട് (ജനറൽ ) |
| ചെലവ് | ₹50000 |

| | |
|---|---|
| ബിൽ നമ്പർ, തീയതി, തുക | 290/20-3-23, ₹50000 |

സ.ഉ.(കൈ)84/22/തസ്വഭവ 19.04.22 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖ.8.6(18) പ്രകാരം കരാട്ടെ പരിശീലനം ഹൈസ്കൂൾ/ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കു മാത്രമായി പരിമിതപ്പെടുത്തിയ ഒന്നാണ്. എന്നാൽ ഇവിടെ പ്രസ്തുത നിർദ്ദേശം പാലിക്കാതെ നടപടിക്രമങ്ങൾ ലംഘിച്ച് 5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകിയത്. ഗ്രാമ പഞ്ചായത്ത് പരിധിയിലെ 24 വിദ്യാലയങ്ങളിലെ 10 നും 20നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്ക് സ്വയംസുരക്ഷ നൽകുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. അഞ്ച് മുതൽ 10 വരെ ക്ലാസ്സിലുള്ള കുട്ടികൾക്ക് വേണ്ടിയെന്നാണ് പദ്ധതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ കുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിന് ഒരു പരിശീലകന് 3000 രൂപ വെച്ച് 3 മാസത്തേക്ക് രണ്ട് പരിശീലകരുടെ വേതനമിനത്തിൽ 18000 രൂപയും പരിശീലനത്തിനെത്തുന്ന കുട്ടികൾക്ക് ലഘുഭക്ഷണം നൽകുന്നതിന് 15 രൂപ നിരക്കിൽ 80 പേർക്കുള്ള ഭക്ഷണച്ചെലവിനത്തിൽ 32000രൂപയുമാണ് പദ്ധതിയിൽ വകയിരുത്തിയിരുക്കുന്നത്. പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) പദ്ധതി നടത്തിപ്പിനായി കുട്ടികളെ തെരഞ്ഞെടുക്കാൻ പത്രപരസ്യം നൽകിയതിൽ 5,6,7 ക്ലാസുകളിലെ കുട്ടികളെ മാത്രമാണ് ഉൾപ്പെടുത്തിയത്. 13 സ്കൂളുകളിൽ നിന്നായി 254 കുട്ടികളുടെ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഹാജർ പത്രിക പ്രകാരം 56 പേരാണ് ക്ലാസ്സിൽ പങ്കെടുത്തിരിക്കുന്നത്. 56 കുട്ടികളെ മാത്രം ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് .

2) പദ്ധതി നടത്തിപ്പിനായി രണ്ട് പരിശീലകരെ ഉദ്ദേശിച്ചിട്ടുണ്ടെങ്കിലും ഒരു പരിശീലകനെ മാത്രമേ തെരഞ്ഞെടുത്തിട്ടുള്ളൂ. ഡിസംബർ മുതൽ ഫിബ്രവരി വരെയുള്ള കാലയളവിൽ 25 ദിവസങ്ങളിലായി കൊളവല്ലൂർ യു.പി സ്കൂളിൽ വെച്ച് നടന്ന പരിശീലനത്തിൽ 40 കുട്ടികളും അബ്ദുറഹിമാൻ യു.പി സ്കൂളിൽ വെച്ച് നടന്ന പരിശീലനത്തിൽ 16 കുട്ടികളുമാണ് പങ്കെടുത്തത്. ഹാജർ പത്രിക പ്രകാരം രണ്ട് സ്കൂളുകളിലും ഒരേ ദിവസങ്ങളിലാണ് ക്ലാസ്സ് നടന്നിരിക്കുന്നത്. ഒരു പരിശീലകൻ രണ്ട് സ്ഥലത്ത് ഒരേ ദിവസം ക്ലാസ്സ് നടത്തിയതിന് രണ്ട് പരിശീലകർക്ക് നൽകേണ്ട വേതനം ഒരാൾക്ക് തന്നെ നൽകുകയാണ് ചെയ്തത്. പരിശീലനത്തിന്റെ സമയക്രമം വ്യക്തമല്ല.

3) 80 കുട്ടികൾക്ക് ലഘുഭക്ഷണം നൽകുന്നതിനാണ് പദ്ധതിയിൽ 15 രൂപ നിരക്കിൽ 32000 വകയിരുത്തിയത്. എന്നാൽ 56 കുട്ടികളുടെ ഭക്ഷണച്ചെലവിനത്തിൽ 32000രൂപ നൽകിയത് എങ്ങിനെ എന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/21-8-23) 56 കുട്ടികൾ മാത്രമേ പരിശീലനം പൂർത്തിയാക്കിയിട്ടുള്ളൂ എന്നും ആയതിനാലാണ് 56 പേരുടെ ഹാജർ പത്രിക സമർപ്പിച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരിശീലനത്തിന്റെ തുടക്കത്തിൽ ഉണ്ടായിരുന്ന കുട്ടികളുടെ എണ്ണവും. പരിശീലനസമയത്ത് 25 ദിവസങ്ങളിലായി ആകെ എത്ര കുട്ടികൾ പങ്കെടുത്തു എന്നും കൊഴിഞ്ഞു പോയ കുട്ടികളുടെ എണ്ണവും വ്യക്തമാക്കുന്ന യഥാർത്ഥ ഹാജർപത്രിക ലഭ്യമാക്കേണ്ടതാണ്. പരിശീലകൻ രണ്ട് സ്കൂളുകളിലും വ്യത്യസ്ത സമയങ്ങളിലാണ് ക്ലാസ് നടത്തിയത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. പരിശീലകന് മാസം 3000 എന്ന നിലയിലാണ് പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ 25 ദിവസം ക്ലാസ് എടുത്തതിന് രണ്ട് പരിശീലകരുടെ വേതനം നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. പരിശീലകന് വേതനം നൽകിയത് കൈകാര്യം ചെയ്ത ക്ലാസിന്റെ സെഷൻ അനുസരിച്ചാണോ എന്ന് വ്യക്തമാക്കേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവായതിനാലും മേൽ കാണിച്ച കാരണങ്ങളാലും ചെലവുതുക 50000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് വിശദമായ മറുപടിയും രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 സ്മാർട്ട് ഐ-ഫേസ് 1-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ | 192/23 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഐ-ഫേസ് 1 |
| അടങ്കൽ | ₹177000 വികസനഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹177000<br>ബിൽ നം : 22220752008601280329/03.03.23 |

പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിന്റെ 5 സ്ഥലങ്ങളിൽ സി.സി.ടിവി സ്ഥാപിക്കുന്നതിനായി, കേന്ദ്രീകൃത സർവർ ജില്ലാപഞ്ചായത്തിൽ സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനത്തിന് കണ്ണൂർ ജില്ലാപഞ്ചായത്തിന് ₹177000 കൈമാറുന്നതിനാണ് മേൽ പദ്ധതി രൂപീകരിച്ചത്. ഉണ മേന്മയേറിയ മാലിന്യ സംസ്കരണമാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, മേൽ

പ്രോജക്റ്റിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/21.08.23ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ ₹177000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 കൊളവട്ടം കുളം നവീകരണം-അപാകങ്ങൾ- ₹1835109 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ, പേര് | 50/2023, കൊളവട്ടം കുളം നവീകരണം (സ്പിൽ ഓവർ) |
| അടങ്കൽ | ₹20,00,000/-<br>കണ്ണൂർ കോർപറേഷൻ നഗര സഞ്ചയങ്ങൾക്കുള്ള ഫണ്ട് സെൻട്രൽ ഫൈനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്) |
| ചെലവ് ,<br>ചെക്ക് നം./തുക | ₹ 1835109<br>SBI 825434/18-11-2022 |
| അളവ് ബുക്ക് നമ്പർ | 243/2021, 244/2021 |
| കരാറുകാരൻ | അജിത്ത്. പി.എം |
| എഗ്രിമെന്റ് നമ്പർ തീയതി | AE/LSGD/KNP/75/21-22 Dt.25-03-2022 |
| റിവൈസ്ഡ് എസ്റ്റിമേറ്റ് തുക | 1999919 |
| ടി.എസ് നമ്പർ/തുക | 92400/2021-22, 23-07-2022, 1999919 |
| ആസ്തി ID | 215910050000000005 |

കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ വാർഡ് 1 ൽ കൊളവട്ടം കുളം നവീകരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി Clearing Of Grass And Removal Rubbish, Earth Work In Excavation By Mechanical Means (Hydraulic Excavator), Bailing Out Water Using 5 HP To 10 HP Motor, DR Packing Under Foundation, MR Laterite Masonry, RCC Works, Providing And Fixing Metal Name Board എന്നീ മരാമത്ത് പ്രവർത്തികൾ ഫൈനൽ ബിൽ പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്.

ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഉത്തരവ് നമ്പർ സ.ഉ(കൈ)നം 84/2022/തസ്വഭവ തീയതി 19/04/2022 ഖണ്ഡിക 7.5(1) ൽ കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം എന്നീ നഗര സഞ്ചയങ്ങൾ (Urban Agglomerations) ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു പ്രധാന നഗരവും (കോർപ്പറേഷൻ/മുനിസിപ്പാലിറ്റി) അതിനോട് ചേർന്ന് തുടർച്ചയായി (Contiguous) കിടക്കുന്ന നഗര സ്വഭാവത്തിലുള്ള സെൻസസ് ടൗണുകളും, സ്റ്റാറ്റ്യൂട്ടറി ടൗണുകളും ഔട്ട് ഗ്രോത്തുകളും ചേർന്നതാണ് നഗര സഞ്ചയ പ്രദേശം.

നഗരസഞ്ചയങ്ങൾക്കുള്ളിലെ പദ്ധതി രൂപീകരണത്തിന് പ്രത്യേക സമീപനം പതിനഞ്ചാം ധനകാര്യകമ്മീഷൻ (XV-FFC)നിശ്ചയിച്ചിട്ടുണ്ട്. പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗര സഞ്ചയങ്ങൾക്ക് (Urban Agglomerations) 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷക്കാലയളവിലേയ്ക്ക് പ്രത്യേക ഗ്രാന്റ് (മില്ല്യൺ പ്ലസ് സിറ്റീസ് ചലഞ്ച്

ഫണ്ട്) അനുവദിച്ചിട്ടുണ്ട്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ സ.ഉ. (കൈ) നം. 103/2020/തസ്വഭവ; തീയതി 30.06.2020 ഉത്തരവിലെ ഖണ്ഡിക 7.2 പ്രകാരം നഗര സഞ്ചയ പ്രദേശത്തേക്ക് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അടിസ്ഥാന വിഹിതം (Untied Grant) അനുവദിച്ചിട്ടില്ല. നഗര സഞ്ചയങ്ങൾക്കുള്ള ധനകാര്യ കമ്മീഷൻ വിഹിതം ഓരോ നഗര സഞ്ചയത്തിലേയും മുഖ്യ നഗരസഭകളായ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ആറ് കോർപ്പറേഷനുകൾക്കും മലപ്പുറം മുനിസിപ്പാലിറ്റിക്കുമാണ് അനുവദിച്ചിട്ടുള്ളത്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ സ.ഉ. (കൈ) നം. 103/2020/തസ്വഭവ; തീയതി 30.06.2020 ഉത്തരവിലെ ഖണ്ഡിക 7.3 പ്രകാരം നഗര സഞ്ചയത്തിലെ മുഖ്യ നഗരസഭയ്ക്കാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിട്ടുള്ളതെങ്കിലും അതിൽ നിന്നും ടി ഉത്തരവിലെ പട്ടികയിലെ അവസാന കോളത്തിൽ കാണിച്ചിട്ടുള്ളതിൽ കുറയാതെയുള്ള തുക മുഖ്യ നഗരസഭയുടെ (കണ്ണൂർ കോർപ്പറേഷന്റെ കാര്യത്തിൽ 3831.28ലക്ഷം രൂപ) ഭൂപ്രദേശത്തിനു പുറത്തുള്ള നഗര സഞ്ചയ പ്രദേശങ്ങളിൽ ഖണ്ഡിക 7.5-ലെ ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കുടിവെള്ളം, ശുചിത്വം, മാലിന്യ സംസ്കരണം എന്നീ മേഖലകളിലെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനും ജലാശയങ്ങളുടെ പുനരുജ്ജീവനം, മഴവെള്ളക്കൊയ്ത്ത്, മലിന ജലത്തിന്റെ പുനഃചംക്രമണം (Recycling Of Water) എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുമാണ് ഈ ഗ്രാന്റ് ലഭ്യമാക്കുന്നത്. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ താഴെ പറയും പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

1. സ.ഉ. (അച്ചടി) നം. 26/2019/പ്ലാനിംഗ്; തീയതി 24.09.2019
2. സ.ഉ. (കൈ) നം. 103/2020/തസ്വഭവ; തീയതി 30.06.2020
3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് (2021 -26)
4. കേന്ദ്ര ധനകാര്യ മന്ത്രാലയം 28.07.2021-ന് പുറപ്പെടുവിച്ച 15(2) FC -XV/FCD /2020-25 നമ്പർ മാർഗരേഖ
5. സ.ഉ.(കൈ) നം.272/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/11/2021

പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു:

1. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ സ.ഉ. (കൈ) നം. 103/2020 /തസ്വഭവ; തീയതി 30.06.2020 ഉത്തരവിലെ ഖണ്ഡിക 8.5 പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് ഒരു ഉപപദ്ധതി (CFC Sub Pan) തയ്യാറാക്കേണ്ടതാണ്. ഉപപദ്ധതിക്ക് രണ്ട് ഭാഗങ്ങൾ ഉണ്ടായിരിക്കണം. ആദ്യ ഭാഗം ജലവും ശുചിത്വവുമായി ബന്ധപ്പെട്ട സേവനങ്ങളുടെ സമ്പൂർണ്ണത ലക്ഷ്യമിടുന്ന 'ജല-ശുചിത്വ സേവനങ്ങൾക്കുള്ള പദ്ധതിയും' രണ്ടാം ഭാഗം 'വികസന ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയും ആയിരിക്കണം. നടപ്പുവർഷം പദ്ധതിരേഖ ഇതിനോടകം തയ്യാറാക്കി കഴിഞ്ഞതിനാൽ 'ഉപപദ്ധതി രേഖ പ്രത്യേകം തയ്യാറാക്കി വാർഷിക പദ്ധതിരേഖയുടെ അനുബന്ധമായി കൂട്ടിച്ചേർക്കേണ്ടതാണ് എന്നും ഉപപദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിനൊപ്പം മറ്റ് വിഭവങ്ങളും അവയുടെ മാർഗ്ഗനിർദ്ദശങ്ങൾക്ക് വിധേയമായി കൂട്ടിച്ചേർക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ നിബന്ധന പ്രകാരമുള്ള ഉപപദ്ധതി (CFC Sub Pan) ഫയലിൽ ലഭ്യമല്ല. ആയതു ലഭ്യമാക്കേണ്ടതാണ്.

2. നഗരസഞ്ചയങ്ങൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(കൈ) നം.272/2021/ത.സ്വ.ഭ.വ തീയതി, 24/11/2021 ഉത്തരവിലെ ഖണ്ഡിക 3-2 (5) പ്രകാരം ഗ്രാന്റിനുള്ള അർഹത നേടുന്നതിന് ഓരോ നഗരസഞ്ചയവും (നഗരസഞ്ചയത്തിനു വേണ്ടി മുഖ്യ നഗരസഭയും) സംസ്ഥാന സർക്കാരും കേന്ദ്ര ഭവന നിർമ്മാണ - നഗരകാര്യ മന്ത്രാലയവും തമ്മിൽ ടി. ഉത്തരവിലെ പരാമർശം 4 പ്രകാരമുള്ള മാർഗരേഖയുടെ അനുബന്ധം IV ൽ നൽകിയിട്ടുള്ള മാതൃകയിൽ ഒരു ത്രികക്ഷി ധാരണാപത്രത്തിൽ (Tripartite Memorandum Of Understanding) ഏർപ്പെടേണ്ടതുണ്ട്. എന്നാൽ മേൽ നിബന്ധന പ്രകാരമുള്ള ത്രികക്ഷി ധാരണാപത്രം ( (Tripartite Memorandum Of Understanding)) ഫയലിൽ ലഭ്യമല്ല. ആയതു ലഭ്യമാക്കേണ്ടതാണ്. ധാരണാപത്രത്തിൽ ചുവടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(I) 01.04.2021ലെ ബേസ് ലൈൻ ഡാറ്റ കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിൽ ഓരോ വർഷവും ലക്ഷ്യമിടുന്ന നേട്ടം (Targets) മുതലായവ

(I) ഖരമാലിന്യ സംസ്കരണ മേഖലയിൽ ഓരോ വർഷവും ലക്ഷ്യമിടുന്ന നേട്ടം (Targets)

(Ii) നിർബന്ധിത പ്രോജക്ടുകൾ

(lv) ഓരോ വർഷവും ലക്ഷ്യമിടുന്ന നേട്ടം കൈവരിക്കുന്നതിനും നിർബന്ധിത പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമുള്ള കർമ്മ പദ്ധതി

3. കേന്ദ്ര ധനകാര്യ മന്ത്രാലയം 28.07.2021-ന് പുറപ്പെടുവിച്ച 15(2) FC -XV/FCD/2020-25 നമ്പർ മാർഗരേഖ ഉത്തരവിലെ ഖണ്ഡിക 9.2 പ്രകാരം പ്രകാരം ജലത്തിനും ശുചിത്വത്തിനും വേണ്ടിയുള്ള നിർബന്ധിത പദ്ധതികൾ നഗര സഞ്ചയത്തിൽ ഉൾപ്പെട്ട മുഖ്യ നഗരസഭ മുഖ്യ നഗരസഭയുടെ പുറത്ത് എന്നാൽ നഗര സഞ്ചയത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശത്തു നടപ്പിലാക്കേണ്ടതുണ്ട്. ജലാശയങ്ങളുടെ പുനരുജ്ജീവനം, മലിനജലത്തിന്റെ പുനരുപയോഗം & ജലവിതരണം എന്നിവയ്ക്കുള്ള പ്രോജക്ടുകൾ ആണ് കണ്ടെത്തി ഏറ്റെടുക്കേണ്ടത് എന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട് . ഇതിനു പുറമെ ഗ്രാന്റുകൾക്ക് അർഹത നേടുവാനായി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വർഷാടിസ്ഥാനത്തിലുള്ള നാഴികക്കല്ലുകൾ പാലിക്കുകയും വേണം. എന്നാൽ പഞ്ചായത്തു നടപ്പിലാക്കിയ കൊളവട്ടം കുളം നവീകരണം എന്ന പദ്ധതി മേൽ നിബന്ധന പാലിച്ചു കൊണ്ടല്ല നടപ്പിലാക്കിയത്. നിലവിൽ ഉണ്ടായിരുന്ന കുളം നീളവും വീതിയും കൂട്ടി വെട്ടുകല്ല് പടവുകൾ കെട്ടി നീന്തൽ കുളം എന്ന നിലയിൽ നവീകരിച്ചാണ് പദ്ധതി നടപ്പിലാക്കിയത് ജലാശയങ്ങളുടെ പുനരുജ്ജീവനം, മലിനജലത്തിന്റെ പുനരുപയോഗം & ജലവിതരണം എന്നിവയ്ക്കുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 9.2 പ്രകാരം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ആയതു പ്രകാരം ജലാശയങ്ങളുടെ പുനരുജ്ജീവനം എന്ന പ്രവൃത്തി നടപ്പിലാക്കണമെങ്കിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്.

1.പുനരുജ്ജീവനം നടത്തുവാൻ ഉദ്ദേശിച്ച ഏറ്റെടുക്കുന്ന മലിനമായ ജലാശയത്തിന് (കുളത്തിന്) ഒരു ഏക്കറിൽ കൂടുതൽ വിസ്തീർണ്ണം ഉണ്ടായിരിക്കണം. 2.35 സെന്റ് മാത്രമാണ് കൊളവട്ടം കുളത്തിന്റെ വിസ്തീർണ്ണം.

2.പുനരുജ്ജീവനം നടത്തുവാൻ ഉദ്ദേശിച്ച പ്രവൃത്തിക്ക് ശാസ്ത്രീയമായ പ്ലാൻ (Scientific Plan) തയ്യാറാക്കണം. Scientific Plan, Pond Profiling Checklist, Report എന്നിവ ഓഡിറ്റിൽ ലഭ്യമല്ല.

3. പുനരുജ്ജീവനം നടത്തുവാൻ ഉദ്ദേശിച്ച പ്രവൃത്തിക്ക് വിശദമായ DPR തയ്യാറാക്കണം. എന്നാൽ DPR പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

4.പ്രോജക്ട് പൂർത്തീകരിക്കപ്പെടുമ്പോൾ അതിനു പ്രവർത്തനപരമായ ഫലം (Functional Outcome) ഉണ്ടായിരിക്കണം.

4. പ്രവൃത്തിയുടെ ഭാഗമായി 464.19 ക്യൂബിക് മീറ്റർ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇത് എന്ത് ചെയ്തു എന്ന് വ്യക്തമല്ല. പുനരുപയോഗം സംബന്ധിച്ച രേഖപ്പെടുത്തലുകൾ എം ബുക്കിൽ ഇല്ല.

മേൽപ്പറഞ്ഞ നിബന്ധനകൾ പാലിച്ചതായുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല എന്നും ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് എന്നും അറിയിച്ച 21-08-2023 തീയതിയിൽ നൽകിയ 18 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മേൽപറഞ്ഞ രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ ₹ 1835109 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിക്കേണ്ടതും ആയതു സംബന്ധിച്ച് വിശദമായ മറുപടി ആവശ്യമായ രേഖകൾ സഹിതം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-22 തുല്യത പഠനം-രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ, പേര് | 25/23, തുല്യത പഠനം |
| അടങ്കൽ | ₹68000(തനത് ഫണ്ട് ) |
| ചെലവ് | ₹26750 |
| വൗച്ചർ നമ്പർ,തീയതി,തുക | 22200246, 5-7-22 ₹26750 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് പത്താംതരം തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷ ഫീസ് എന്നീ ഇനങ്ങളിലായി അഞ്ച് പഠിതാക്കളുടെ ഫീസിനത്തിൽ ഒരു പഠിതാവിന് 1850രൂപ എന്ന നിരക്കിൽ 9250രൂപയും പ്ലസ് ടു തുല്യത കോഴ്സിന്റെ ഫീസിനത്തിൽ ഒരു പഠിതാവിന് 2500 രൂപ എന്ന നിരക്കിൽ ഏഴ് പഠിതാക്കളുടെ ഫീസായ 17500രൂപയും ചേർത്ത് ആകെ 26750 രൂപ കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്കായി ലഭ്യമാക്കിയിരുന്നില്ല. പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നും, പഠിതാക്കൾക്ക് ക്ലാസുകൾ ലഭ്യമായിട്ടുണ്ടോ എന്നും പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയിട്ടുണ്ടോ എന്നീ വിവരങ്ങൾ അറിയിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/21-8-23 )ലഭ്യമാക്കിയ മറുപടിയുടെ കൂടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെയും

പരീക്ഷ എഴുതിയതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-23 ആശ്രയ ഭവന പുനരുദ്ധാരണം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കൊളവല്ലൂർ സർക്കിൾ |
| പ്രോജക്ട് നമ്പർ, പേര് | 166/23, ആശ്രയ ഭവന പുനരുദ്ധാരണം |
| അടങ്കൽ | ₹31934 വികസന ഫണ്ട് -ജനറൽ<br>₹68066 തനത് ഫണ്ട്<br>ആകെ-₹100000 |
| ചെലവ് | ₹31934 ( വികസന ഫണ്ട് -ജനറൽ )<br>₹18066 (തനത് ഫണ്ട് )<br>ആകെ-₹50000 |
| ബിൽ നമ്പർ,തീയതി,തുക | 12/6-3-23 ₹ 31934 (വികസന ഫണ്ട് -ജനറൽ)<br>ചെക്ക് നമ്പർ 2334 Dt 7-3-23 ₹18066 (തനത് ഫണ്ട്) |

മേൽ പദ്ധതിയിൽ ആശ്രയ ഗുണഭോക്താവായ കല്ല്യാണി കെ.കെ എന്നവർക്ക് ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം 50000രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം പ്രവൃത്തിയുടെ അഡ്വാൻസ് തുകയാണ് അക്കൗണ്ടിലേക്ക് നൽകിയത്

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം 115/2022 /തസ്വഭവ തീയതി 28/5/2022 ഖ 6-7 (4) പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിക്ക് ജനറൽ വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 1,00,000രൂപയാണ്. ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കി തദ്ദേശ സ്വയം ഭരണ വകുപ്പ് ഓവർസീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. കരാറിൽ ഏർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷം കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ/ഓവർസീയർ മൂല്യ നിർണ്ണയം നടത്തണം എന്നിങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട്, പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1)മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം പ്രവ്യത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഓവർസീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2) ഗുണഭോക്താവിന്റെ വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/22-8-23)-ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം കാലപ്പഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ഓവർസീയർ സാക്ഷ്യപ്പെടുത്തിയ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതും, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം വാല്വേഷൻ സർട്ടിഫിക്കറ്റ് സഹിതം അറിയിക്കേണ്ടതുമാണ്.

## 1-24 സർവീസ്/ ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റി - ₹36,600 തിരികെ ഈടാക്കേണ്ടതാണ്

സാമൂഹ്യ സുരക്ഷ പെൻഷനുമായി ബന്ധപ്പെട്ട പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ് സ.ഉ(എം.എസ്)നം.97/2020/ധന തീയതി:23-09-2020 പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിക്കുന്നതിന് 7 പൊതു മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിലെ മാനദണ്ഡം നം.6 പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൻ കേന്ദ്രസർക്കാർ/മറ്റ് സംസ്ഥാന സർക്കാർ എന്നിവടങ്ങളിൽ നിന്നും ശമ്പളം/പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്നയാളോ, മാനദണ്ഡം 7 പ്രകാരം അപേക്ഷകൻ കേന്ദ്ര/സംസ്ഥാന പൊതു മേഖല സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്നയാളോ ആവാൻ പാടില്ല .
സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന ഏതെങ്കിലും ഗുണഭോക്താക്കൾ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും അവർക്ക് അനുവദിക്കപ്പെട്ട തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/22-08-2023) സർവ്വീസ് പെൻഷൻ കൈപ്പറ്റുന്ന ശാന്ത വി (PPO No: 75652222) എന്നവർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ തുക (₹36600) കൈപ്പറ്റിയതായും ടി തുക തിരികെ ഒടുക്കുന്നതിനായി പ്രസ്തുത വ്യക്തിക്ക് 2 തവണ കത്ത് നൽകിയിട്ടും ടിയാരി തുക തിരിച്ചടക്കുകയോ യാതൊരു വിധ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷണരുടെ പേര്/മേൽ | സാമൂഹ്യ സുരക്ഷ പെൻഷൻ | അനർഹമായി കൈപ്പറ്റിയ സുരക്ഷ | നിലവിലെ സാമൂഹ്യ | പി.പി.ഒ നമ്പർ/ |
|---|---|---|---|---|

| വിലാസം | വിഭാഗം/നമ്പർ | പെൻഷൻ തുക/കാലയളവ് | സുരക്ഷ പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ ആരംഭിച്ച തീയതി |
|---|---|---|---|---|
| ശാന്ത വി, വില്ലന്റെവിട(HO) കെ സി മുക്ക് പുത്തൂർ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം(11159060167O) | ₹36600(2017ഏപ്രിൽ മുതൽ 2019 ഏപ്രിൽ വരെ) | സസ്പെൻഡ് | 75652222, 1-08-2015 |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തി അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷ പെൻഷൻ തുക (₹36600) പ്രസ്തുത വ്യക്തിയിൽ നിന്ന് ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള A/C No .001101023000269 (IFSC-KSBK0000101)ൽ ഒടുക്കേണ്ടതാണ്. പ്രസ്തുത വ്യക്തി തുക സ്വമേധയ തിരിച്ചടയ്ക്കാത്ത പക്ഷം അവർ തിരിച്ചടയ്ക്കേണ്ടുന്ന തുക അവർക്കനുവദിക്കുന്ന/അനുവദിച്ചിരിക്കുന്ന സർവീസ് പെൻഷൻ/കുടുംബ പെൻഷൻ തുകയിൽ നിന്നും കുറവ് ചെയ്ത് സർക്കാരിലേക്ക് തിരിച്ചടയ്ക്കാൻ ട്രഷറി ഡയറക്ടർക്ക് കത്ത് നല്കേണ്ടതാണ്, (ധനകാര്യ(എസ്.എഫ്, സി സെൽ - ബി ) വകുപ്പിന്റെ സർക്കുലർ നം.7/2020/ധന തീയതി:23-01-2020 ലെ നിർദ്ദേശം നം.5 കാണുക). തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ജി.എസ്.ടി, ടിഡിഎസ് ഈടാക്കിയില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സമന്വയ ന്യൂട്രിമിക്സ് യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ഐ.സി.ഡി,എസ് സൂപ്പർവൈസർ അംഗൻവാടി പോഷകാഹാര പരിപാടിയുടെ ഭാഗമായി (പ്രോജക്ട് നമ്പർ 28/23) നടത്തിയിട്ടുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. 2% ജി എസ് ടി ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ /തീയതി | ന്യൂട്രിമിക്സ് യൂണിറ്റിന് നൽകിയ തുക ₹ |
|---|---|---|
| 1 | 21/20.04.22 | 1,82,820 |
| 2 | 30/10.05.22 | 1,25,022 |
| 3 | 43/20.07.22 | 1,36,185 |
| 4 | 48/12.09.22 | 1,39,658 |
| 5 | 54/17.09.22 | 1,27,254 |
| 6 | 60/28.10.22 | 1,24,031 |
| 7 | 68/02.12.22 | 1,41,891 |
| 8 | 71/27.12.22 | 1,44,619 |
| 9 | 78/01.02.23 | 1,47,100 |
| | ആകെ | 12,68,580 |

സ്ഥാപനത്തിൽ നിന്നും 2% ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കിയിട്ടില്ല. നിയമപ്രകാരമുള്ള ടി.ഡി.എസ് ഈടാക്കി അപാകം പരിഹരിക്കേണ്ടതാണ്.

## 1-26 കാർഷിക പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തപ്പെടുന്നില്ല

കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം കാർഷികമേഖലയിൽ 11 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ആകെ ₹2535176 ആണ് തൻവർഷത്തെ ചെലവ്. ഫലവൃക്ഷത്തൈ വിതരണം, പച്ചക്കറി തൈവിതരണം, കിഴങ്ങു വിള വികസനം, വാഴക്കന്ന വിതരണം, മഞ്ഞൾവിത്ത് കിറ്റ് വിതരണം, സമഗ്ര നാളീകേര വികസനം എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കാർഷികമേഖലയിൽ ഈ പദ്ധതികൾ എന്ത് മാറ്റമാണ് ഉണ്ടാക്കിയത് എന്ന് പരിശോധിക്കപ്പെടുന്നില്ല. മേൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ ഫലമായുള്ള ഗ്രാമപഞ്ചായത്തിലെ കാർഷിക ഉല്പാദന വർദ്ധനവ് സംബന്ധിച്ച വിശദവിവരങ്ങൾ അവലോകനം ചെയ്യപ്പെടുന്നില്ല. പ്രസ്തുത പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ഫലപ്രാപ്തിയുടെ സ്ഥിതി വിവര കണക്കുകൾ എന്നിവയൊന്നും ഫയലിൽ ലഭ്യമായിട്ടില്ല. അത്തരമൊരു സമീപനം ഈ മേഖലയിൽ ഉണ്ടായിട്ടില്ല. ഉത്പാദനമേഖലയിലെ വിവിധ പദ്ധതികൾക്കായി സർക്കാർ അനുവദിക്കുന്ന പണം പാഴായിപ്പോകുന്നില്ല എന്നുറപ്പ് വരുത്തുന്നതിനായി ഫലപ്രദമായ മോണിട്ടറിംഗ് നടത്തേണ്ടതുണ്ട്. പദ്ധതി നിർവ്വഹണത്തിലുള്ള പോരായ്മകൾ വിശകലനം ചെയ്ത് പുതിയ പ്രോജക്ടുകൾ ആസൂത്രണം ചെയ്യുകയും അവ നിരന്തരം മോണിട്ടറിംഗ് ചെയ്യപ്പെടുകയും വഴി കാർഷിക മേഖലയിൽ പഞ്ചായത്തിന് ഏറെക്കുറെ സ്വയംപര്യാപ്തത കൈവരിക്കാനാകും. ഇപ്രകാരമുള്ള മോണിട്ടറിംഗ് നടക്കുന്നില്ലെന്നത് പോരായ്മയാണ്.

## 1-27 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 88/23, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ ₹ | ₹1237500(വികസന ഫണ്ട് -ജനറൽ)<br>₹637500 (തനത് ഫണ്ട് )<br>₹1875000(മറ്റുള്ളവ )<br>ആകെ- 37,50,000 |
| ചെലവ് | ₹1237500 (വികസന ഫണ്ട് -ജനറൽ)<br>₹25000 (തനത് ഫണ്ട് )<br>₹1262500 (മറ്റുള്ളവ )<br>ആകെ- 2525000 |
| ബിൽ നമ്പർ,തീയതി,തുക | ബിൽ നമ്പർ 5/16-3-23 ₹900000 (വികസന ഫണ്ട് -ജനറൽ)<br>ബിൽ നമ്പർ 6/16-3-23 ₹337500 (വികസന ഫണ്ട് -ജനറൽ)<br>ചെക്ക് നമ്പർ 6635310 Dt 20-3-23 ₹25000 (തനത് ഫണ്ട്) |

കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന് കീഴിലെ കന്നുകുട്ടി ജനനരജിസ്റ്ററിൽ എൻറോൾ ചെയ്ത 4-6 മാസം പ്രായമുള്ള 101 കന്നുകുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതിയാണിത് . 101 ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്ത (തീരുമാനം നമ്പർ 23/23, 9-2-2023) ചെണ്ടയാട് ക്ഷീര സഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്.

മേൽ കാണിച്ച ബില്ലുകൾ പ്രകാരം ₹1262500 പിൻവലിച്ച് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 71901140 0000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം/നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട്, കന്നുകുട്ടി ജനന രജിസ്റ്റർ, കാലിത്തീറ്റ വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/19-8-23) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നും ലഭ്യമായാൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് മറുപടിയുടെ കൂടെ കാലിത്തീറ്റ വിതരണ രജിസ്റ്റർ, കന്നുകുട്ടി ജനന രജിസ്റ്റർ, കാലിത്തീറ്റ വിതരണം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടുണ്ട്. കാലിത്തീറ്റ വിതരണ രജിസ്റ്റർ പൂർണ്ണമല്ല. വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 25-4-23 മുതൽ കാലിത്തീറ്റ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. ആയത് പ്രകാരം ഏപ്രിൽ മാസം 82 പേർക്കും മേയ് മാസം 88 പേർക്കും ജൂൺ മാസം 82 പേർക്കും ജൂലൈ മാസം 86പേർക്കുമാണ് കാലിത്തീറ്റ വിതരണം ചെയ്തത്. രജിസ്റ്റർ ചെയ്ത മുഴുവൻ കന്നുകുട്ടികൾക്കും കാലിത്തീറ്റ വിതരണം നടത്തിയതായി കാണുന്നില്ല. പദ്ധതിയിൽ കൊഴിഞ്ഞുപോക്ക് ഉണ്ടോ എന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ പ്രസ്തുത കന്നുകുട്ടികൾക്കായി നൽകിയ തുക ക്രമീകരിക്കേണ്ടതുമാണ്. പദ്ധതി

പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

## 1-28 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

19-04-2022തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നമ്പർ 6.8 ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നതനിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തേണ്ടതുമാണ് എന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടോയെന്നും ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/17-08-2023) ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും, അംഗീകൃത ഏജൻസിയായ ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന ജി.ഐ.എസ് സങ്കേതങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി ആയത് അപ്ഡേറ്റ് ചെയ്ത് വരുന്നുണ്ട് എന്നും സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. അപ്ഡേഷൻ പൂർത്തിയാക്കി ആസ്തി രജിസ്റ്റർ കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 കുന്നോത്ത്പറമ്പ് എഫ്.എച്ച്.സി- ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെയും സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തികവർഷത്തെയും വാർഷിക വരവ് ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിലെ എഫ്.എച്ച്.സിയുടെ കീഴിലുള്ള ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് നാളിതുവരെ ഓഡിറ്റിന് അയച്ചുതരാതിരിക്കുന്നത് വീഴ്ചയാണ്. വാർഷിക കണക്കുകൾ എത്രയും പെട്ടെന്ന് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/21.08.23) മറുപടിയായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-30 തനത് വരുമാനം-അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം ചുവടെ ചേർക്കുന്നു.

01.04.2022 മുതൽ 31.03.2023 വരെ കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16 യോഗങ്ങൾ നടന്നിട്ടുണ്ട്. യോഗങ്ങളിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും പരിശോധിച്ച് ഉറപ്പാക്കിയതായി കാണുന്നില്ല. കൂടാതെ ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചതായി കാണുന്നില്ല. താരതമ്യേന റവന്യൂ വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന പഞ്ചായത്തായതിനാൽ വരുമാനം വർധിപ്പിക്കുന്നതിന് പുതിയ മേഖലകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകൾ യോഗങ്ങളിൽ സജീവമാക്കേണ്ടതും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള

നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധ പുലർത്താവുന്നതുമാണ്. നികുതി ഇനങ്ങളായ തൊഴിൽ നികുതി, വസ്തുനികുതി നികുതിയേതര ഇനങ്ങളായ FTE&OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽക്കരണ ഫീസ് എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങൾ .

I)തൊഴിൽ നികുതി – സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രതീക്ഷിത വർഷം തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ പ്രൊഫഷണൽ, മരാമത്ത് കരാറുകാർ, മറ്റ് കച്ചവടസ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ സാധിക്കുന്നു. സ.ഉ (പി) നം. 78/2017/ത സ്വഭവ തീയതി 31.10.2017 ഭേദഗതി ചട്ടങ്ങൾ ചട്ടം 14 എ പ്രകാരം തൊഴിൽ നികുതി അടക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം പ്രോത്സാഹിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

II)വസ്തു നികുതി – സ.ഉ(കൈ)നം.77/2023/തസ്വഭവ,22.03.23 പ്രകാരം 01.04.23 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് പുതിയ വിജ്ഞാപനം ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശിപാർശയോടെ ഭരണസമിതി അംഗീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിലവിൽ IKM സഞ്ചയ സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്ത 5 % അധിക നികുതിയാണ് ഈടാക്കുന്നത്. പുതുക്കിയ വസ്തു നികുതി നിരക്ക് സംബന്ധിച്ച കരട് വിജ്ഞാപനം 24-07-2023 ന് ഗ്രാമ പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും (20/06/2023 ലെ നം.168/2023 ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം) ആയത് അന്തിമമാക്കിയിട്ടില്ല. പൊതുജനാഭിപ്രായം ആരാഞ്ഞതിനു ശേഷം പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണെന്ന് കരട് വിജ്ഞാപനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം അന്തിമമാകുന്നതിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

III)ബിൽഡിംഗ് പെർമിറ്റ്/റെഗുലറൈസേഷൻ ഫീസ് – ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയറിലെ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ എന്നിവ പ്രകാരം കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിൽ ആകെ 2 അനധികൃത കെട്ടിടങ്ങളാണുള്ളത്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9ബി ഫാറത്തിൽ വിവരങ്ങൾ നൽകിയവരുടെ എണ്ണം 560 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കി ബിൽഡിംഗ് പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നീ വരവിനങ്ങളുടെ ശോഷണം തടയാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

IV)എഫ് ടി ഇ& ഒ എസ് ലൈസൻസ് ഫീസ് – ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സംരംഭ പ്രവർത്തനങ്ങൾക്കും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും സ്ഥാപനങ്ങളിൽ നിന്നും എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ചട്ടത്തിൽ നിഷ്കർഷിക്കും പ്രകാരമാണോ ഈടാക്കുന്നതെന്നും പരിശോധന വിധേയമാക്കാവുന്നതാണ്.

V) 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള രജിസ്റ്ററുകൾ തയ്യാറാക്കി കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 17-08-2023, 18-08-2023 | കെ.എസ്.എ/കെ.എൻ.ആർ /സി.8/1392/2023 തീയതി: 21.09.2023 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ല പഞ്ചായത്ത് | 2022-23 | 105/23 ലൈഫ് ഭവന പദ്ധതി | 880000 | 880000 | 0 |
| | 2022-23 | 60/23 സാന്ത്വന പരിചരണ പദ്ധതി | 100000 | 100000 | 0 |
| | 2022-23 | 22/23 ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 175000 | 175000 | 0 |
| | 2022-23 | 134/23 പാലിന് ഇൻസന്റീവ് | 100000 | 100000 | 0 |
| ആകെ | | | 1255000 | 1255000 | 0 |
| കൂത്തുപറമ്പ്ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 105/23 ലൈഫ് ഭവന പദ്ധതി | 1840000 | 1840000 | 0 |
| | 2022-23 | 134/23 പാലിന് ഇൻസന്റീവ് | 370000 | 370000 | 0 |
| | 2022-23 | 22/23 ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 510000 | 510000 | 0 |
| | 2022-23 | 11/23 അങ്കണവാടി പോഷകാഹാരം | 300000 | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 60/23 സാന്ത്വന പരിചരണ പദ്ധതി | 200000 | 200000 | 0 |
| | 2022-23 | 111/23 നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി | 50000 | 50000 | 0 |
| ആകെ | | | 3270000 | 3270000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി പോസ്റ്റ് മാറ്റൽ | 1)222000338/ 14-08-2022 | 11280 | 11280 | 0 |
| ഭൂജല വകുപ്പ് | ചിറ്റാരിത്തോട് അങ്കണവാടിക്കും സെൻട്രൽ കണ്ണങ്കോട് അങ്കണവാടിക്കും കുഴൽ കിണർ നിർമ്മാണം പ്രൊജക്ട് നം-55/23 | 58/12-09-2022 | 83000 | 31742 | 51258 (പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചു.) |
| | ടേക്ക് എ ബ്രേക്കിന് കുഴൽ കിണർ | 98/30-11-2022 | 87000 | 41323 | 45677 (പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചു.) |
| | ആകെ | | 181280 | 84345 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ, ലൈഫ് ഭവന നിർമ്മാണ പദ്ധതി | സ.ഉ (എം.എസ്) 2278/തസ്വഭവ 2018 തീയതി 18-08-2018 | 4854192 | 2404074 | 564831 | | 1839243 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| മുന്നിരിപ്പ് | 17509438 |
| തൻവർഷം നിക്ഷേപിച്ചത് | 1181887 |
| ആകെ | 18691325 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം നീക്കിയിരിപ്പ് | 18691325 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | കൊളവല്ലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, FD നമ്പർ 0402111701293/8-7-2022 | 08-07-2023 | 6707968 |
| 2 | കൊളവല്ലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, FD നമ്പർ 0402111701253/6-2-2022 | 28-01-2024 | 6645857 |
| 3 | കൊളവല്ലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, FD നമ്പർ 0402111701492/04.06.2021 | 04-06-2022 (04-06-2022 ന് പുതുക്കി നിക്ഷേപിച്ചിട്ടുണ്ട്) | 5337500 |
| | ആകെ | | 18691325 |

## 4-7 ഓഡിറ്റ് റിക്കവറി

വിവരം ലഭ്യമാക്കിയിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 25 | 2016-17 | 1 | വസ്തു നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 53473545 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 40996757 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3114165 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|
| 1-17 | 49198 | ഡോ. നീനു.സി.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-18 | 1002858 | ശ്രീ. രാജേഷ്.കെ, വി.ഇ.ഒ, കൊളവല്ലൂർ സർക്കിൾ |
| 1-19 | 50000 | ശ്രീമതി ശ്രീകല കെ.വി, ഹെഡ് മിസ്ട്രസ് |
| 1-20 | 177000 | ശ്രീ.പ്രസാദ്.വി.വി, സെക്രട്ടറി |
| 1-21 | 1835109 | ശ്രീ. പി.വി.ആനന്ദൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 3114165 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. നീനു.സി.കെ | മെഡിക്കൽ ഓഫീസർ, | സി.കെ ഹൗസ്, |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഹോമിയോ | പെരുന്താറ്റിൽ, പി.ഒ എരഞ്ഞോളി |
| ശ്രീ. രാജേഷ് കെ, വി.ഇ.ഒ, കൊളവല്ലൂർ സർക്കിൾ | വി.ഇ.ഒ, കൊളവല്ലൂർ സർക്കിൾ | ഇന്ദീവരം, പി.ഒ പന്തക്കൽ മാഹി-673310 |
| ശ്രീ.പ്രസാദ് വി.വി സെക്രട്ടറി | സെക്രട്ടറി, തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | നീഹാരം, കീരാച്ചി, കണ്ണൂർ 670612 |
| ശ്രീ. പി.വി.ആനന്ദൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് | പള്ളിപറമ്പിൽ, മുക്കന്നൂർ. പി.ഒ കാളാർകുഴി |
| ശ്രീമതി ശ്രീകല കെ.വി., ഹെഡ്മിസ്ട്രസ്സ് | ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്., തലശ്ശേരി | ശ്രേയസ്, പെരളം, കൊട്ടുമ്മൽ പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി 9-11-2022 | 1 |
| 2001-02 (പദ്ധതി വിഹിതം) | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി 9-11-2022 | 2 |
| 2003-04 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി- 9-11-2022 | 1 |
| 2005-06 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി- 9-11-2022 | 1 |
| 2006-07 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – 9-11-2022 | 2 |
| 2007-08 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – 9-11-2022 | 6 |
| 2008-09 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി -9-11-2022 | 7 |
| 2009-10 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – 9-11-2022 | 3 |
| 2011-12 2012-13 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – 9-11-2022 | 5 |
| 2013-14 2014-15 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – 9-11-2022 | 3 |
| 2015-16 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി -9-11-2022 | 5 |
| 2016-17 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി 9-11-2022 | 3 |
| 2017-18 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി – 9-11-2022 | 2 |

| | | |
|---|---|---|
| 2018-19 | നമ്പർ.കെ എസ് എ / കെ എൻ ആർ /സി 8/1418/2022 തീയ്യതി - 9-11-2022 | 3 |
| 2019-20 | കെഎസ്എ/കെഎൻആർ/സി8/ 243/22 തീയതി 28-4-22 | 16 |
| 2020-21 | കെഎസ്എ/കെഎൻആർ/സി8/ 916/22 തീയതി 21-7-2022 | 21 |
| 2021-22 | കെഎസ്എ/കെഎൻആർ/സി8/ 209/2023 തീയതി 29-03-2023 | 22 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 174/2023 dated 30-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kunnothuparamba Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kunnothuparamba Grama Panchayat for the year 2022-2023

Date: 21/09/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Kunnothuparamba Grama Panchayat for the Year 2022-2023.

**1.Major Observations**

1. Schedule B-1 is not incorporated in Annual Financial Statements
2. Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3) The asset register has not been prepared and kept up-to-date so that the correctness of the amounts as per Schedule B-11 can be checked.

**2.Other Observations**

1. Mandatory financial statements such as Key Ratios prescribed in Kerala Panchayat Raj (Accounts) Rules, 2011, is not enclosed.
2) The amount shown as Capital work in progress in schedule B-11(b) shows the same balance of previous year (Rs.

250000). Documents to verify the correctness
of this amount is not made available.

3) The amount shown as capital expenditure in various grants such as Central Finance Commission Grant and Corporation Grant during the current
year has not come under capital contribution head.

4)As per Rule 58 of the Kerala Panchayat Raj (Accounts) Rules, 2011, the Secretary shall collect the monthly utilization information of the stock at
the end of every month and reconcile the stock at the end of the year by physically checking the stock. But the closing stock
information is not included in the balance sheet B-14 schedule.

5)Balance under MGNREGS Schedule B-4 does not match with the balance under Schedules B-17,(RP, 40(b))

6) Expenditure of Rs.65000 from Panchayat distress Relief Fund is not included in annual financial statements

7) Details of govt dues under B-9 schedule regarding NPS (350110104) is not made available for verification

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kunnothuparamba Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20376309.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1606780.00 |
| 140000000 | Fees & User Charges | RP-4 | 3378623.00 |
| 150000000 | Sale & Hire Charges | RP-5 | 207282.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 19719000.00 |
| 171000000 | Interest Earned | RP-9 | 235495.00 |
| 190000000 | Prior Period Income | RP-11 | 90795.00 |
| 311000000 | Earmarked Funds | RP-28 | 66238.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 20237130.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7033536.00 |
| 460000000 | Loans, Advances and Deposits | RP-49 | 4000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 62326.00 |
| 340000000 | Deposits Received | RP-33 | 164136.00 |
| 350000000 | Other Liabilities | RP-35 | 668204.00 |

| | | | |
|---|---|---|---|
| | Grand total | | 73849854.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 16160.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 850940.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4609269.00 |
| 460000000 | Loans, Advances and Deposits | RP-49 | 812280.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 50300.00 |
| 350000000 | Other Liabilities | RP-35 | 34657808.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 32853097.00 |
| Cash | Cash | RP-40(b) | 0.0 |

| | |
|---|---|
| Grand Total | 73849854.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Kunnothuparamba Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2022 to 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6873108.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 3749723.00 |
| 150000000 | Sale & Hire Charges | I-5 | 213782.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 223915253.00 |
| 170000000 | Income from Investments | I-7 | 1181887.00 |
| 171000000 | Interest Earned | I-8 | 235495.00 |
| 180000000 | Other Income | I-9 | 62326.00 |

| | | | |
|---|---|---|---|
| 190000000 | Prior Period Income | I-19 | -20865.00 |
| | Total Income | | 236231574.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12804285.00 |
| 220000000 | Administrative Expenses | I-11 | 1322023.00 |
| 230000000 | Operations & Maintenance | I-12 | 1502220.00 |
| 240000000 | Interest & Finance Charges | I-13 | 3084.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8629468.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 32272859.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 2193311.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 49096765.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 101362700.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 558007.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 72000000 | Depreciation | I-17(A) | 10059946.00 |
| | Total Expenditure | | 219804668.00 |
| | Gross Surplus / Deficit of income over Expenditure | | 16426906.00 |
| | Gross Surplus / Deficit of income over Expenditure | | 16287371.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -160400.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 139535.00 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| | Kunnothuparamba Grama Panchayat BALANCE SHEET | | |
| | As on 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 55420353.24 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 19395.00 |
| 312000000 | Reserves | B-3 | 65704645.00 |
| | Total Reserve & Surplus | | 121144393.24 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 22989897.00 |

| | | | |
|---|---|---|---|
| | Total Grants, Contributions for Specific Purposes | | 22989897.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1839243.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 1839243.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 415256.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2094349.76 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2509605.76 |
| | TOTAL LIABILITIES | | 148483139.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 3144947.00 |
| 412000000 | Capital Work in Progress | B-11(b) | 250000.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 667474.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 19227228.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 138559043.00 |
| 416000000 | Accumulated Depreciation | B-11(a) | -72763536.00 |
| | Total Fixed Assets | | 89085156.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 18691325.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 18691325.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4609269.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 32853097.00 |
| 460000000 | Loans, Advances and Deposits | B-18 | 3244292.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 40706658.00 |
| | Other Assets | | |

| | | | |
|---|---|---|---|
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 148483139.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.